# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4511** **27.06.2013-ൽ മറുപടിക്ക്**

## ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. മമ്മുട്ടി | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് വകുപ്പിൽ ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ സാദ്ധ്യതയുണ്ടോ; എങ്കിൽ ഏത് തസ്തികയിലേക്കാണ് പ്രൊമോഷൻ ലഭിക്കുക; ഇല്ലെങ്കിൽ പ്രൊമോഷൻ നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക കോമൺ കാറ്റഗറിയിൽപ്പെടുന്നതായതിനാൽ വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകാൻ കഴിയുകയില്ല. ഒൻപതാം ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയ്ക്ക് ഉയർന്ന ശമ്പള നിരക്കിൽ റേഷ്യോ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. (ശമ്പള പരിഷ്കരണ ഉത്തരവ് പേജ് 94) ആയത് സൂപ്പർവൈസറി തസ്തിക സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ല. |
| (ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർമാർക്ക് 13.06.1997-ലെ ജി.ഒ (ആർ.ടി) നം. 4712/97/ജി.എ.ഡി പ്രകാരം നൽകിയതു പോലെ പൊതുമരാമത്ത് വകുപ്പിലും പ്രൊമോഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; | |
| (സി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയനുസരിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ Ratio between lift operator and lift supervisor will be 9:1 (page No. 96) എന്ന രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് പൊതുമരാമത്ത് വകുപ്പിലും ഈ റേഷ്യോ നടപ്പിലാക്കുമോ ; | (സി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയ്ക്കാണ് 9:1 റേഷ്യോ നൽകിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലേതുൾപ്പടെ കോമൺ കാറ്റഗറിയിൽപ്പെടുന്ന ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയ്ക്ക് 3:1 ഗ്രേഡ് റേഷ്യോ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം (പേജ് 94) ലഭ്യമാണ്. |
| (ഡി) ഇക്കാര്യത്തിൽ നിവേദനമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം, പൊതുമരാമത്ത് വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും പ്രൊമോഷനുള്ള അവസരം നൽകാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. ഒൻപതാം ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയ്ക്ക് ഉയർന്ന ശമ്പള നിരക്കിൽ റേഷ്യോ ഗ്രേഡ് 3:1 അനുവദിച്ചിട്ടുണ്ട്. |

Abduna

സെക്ഷൻ ഓഫീസർ